# പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) & അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണവിഭാഗം) (പൂർണ്ണ അധിക ചുമതല) നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : അനിരുദ്ധ് കുമാർ ധർനി, ഐ.എഫ്.എസ്**

| | |
|---|---|
| വിഷയം: | വനം-വന്യജീവിവകുപ്പ് - ഫോറസ്റ്റ് ട്രയിനിംഗ് കോംപ്ലക്സിൽ സ്ഥിതിചെയ്യുന്ന ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ ഭരണച്ചുമതല എസ്റ്റേറ്റ് ഓഫീസർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്. |
| പരാമർശം : | 13.02.2019-ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൗൺസിൽ യോഗ തീരുമാനം. |

## നടപടി ഉത്തരവ് നമ്പർ ഇ6-312/19 തീയതി 15.07.2019

പി.റ്റി.പി നഗറിലെ ഫോറസ്റ്റ് ട്രയിനിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ ഭരണച്ചുമതല നിലവിൽ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കാണ്. ഭരണപരമായ കാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൃത്യമായ സംരക്ഷണം ഉറപ്പാക്കുന്നതിനും ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ ഭരണച്ചുമതല എസ്റ്റേറ്റ് ഓഫീസറെ ഏൽപ്പിക്കുന്നതാണ് അഭികാമ്യമെന്ന് 13.02.2019-ൽ ചേർന്ന കൗൺസിൽ യോഗം വിലയിരുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ ഭരണച്ചുമതല ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിക്കൊണ്ടും നിയന്ത്രണം എസ്റ്റേറ്റ് ഓഫീസറെ ഏൽപ്പിച്ചുകൊണ്ടും സൂചനപ്രകാരം തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പി.റ്റി.പി. നഗറിലെ ഫോറസ്റ്റ് ട്രയിനിംഗ് കോംപ്ലക്സിലെ ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ ഭരണച്ചുമതല തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും 01.08.2019 മുതൽ മാറ്റി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിക്കൊണ്ടും ആയതിന്റെ നിയന്ത്രണം വനം വകുപ്പ് ആസ്ഥാനത്തെ എസ്റ്റേറ്റ് ഓഫീസറെ ഏൽപ്പിച്ചുകൊണ്ടും ഇതിനാൽ

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) & ഭരണവിഭാഗത്തിന്റെ പൂർണ്ണ അധിക ചുമതലയുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായ അനിരുദ്ധ് കുമാർ ധർനി, ഐ.എഫ്.എസ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) &
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം) (പൂർണ്ണ അധിക ചുമതല)

To

1. തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുന്നു. ഇൻസ്പെക്ഷൻ ബംഗ്ലാവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും വനം വകുപ്പ് ആസ്ഥാനത്തെ എസ്റ്റേറ്റ് ഓഫീസറെ ഉടനടി ഏൽപ്പിക്കേണ്ടതാണ്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്)-ക്ക് നൽകുന്നു. ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ പ്രവർത്തനത്തിന് ആവശ്യമുള്ള 2019-20 വർഷത്തെ ബഡ്ജറ്റ് തുക സതേൺ സർക്കിളിൽ നിന്നും മാറ്റി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (ഭരണം) നൽകേണ്ടതാണ്.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (സതേൺ സർക്കിൾ) അറിവിലേക്കായി നൽകുന്നു.
4. ഇ7-സെക്ഷന്. നിലവിൽ ഇൻസ്പെക്ഷൻ ബംഗ്ലാവിൽ നിയമിച്ചിട്ടുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ വനം വകുപ്പ് ആസ്ഥാനത്തെ എസ്റ്റേറ്റ് ഓഫീസറുടെ മുമ്പിൽ റിപ്പോർട്ട് ചെയ്യുന്നതിനും ടിയാന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പഴയത് പോലെ തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് (ഐ.റ്റി) വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നൽകുന്നു.